ലാന്റ് ടൈബ്യൂണലുകളിലെ തീർപ്പാക്കാനുള്ള അപേക്ഷകൾ

91 (2586) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ ലാന്റ് ടൈബ്യൂണലുകളിലൂടെ കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര പട്ടയങ്ങൾ അനുവദിച്ചു ;

(ബി) പ്രസ്തുത ജില്ലയിലെ ലാന്റ് ടൈബ്യൂണലുകളിൽ 31-3-2015 വരെയുള്ള കാലയളവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് ;

(സി) ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പാലക്കാട്, ഒറ്റപ്പാലം ലാന്റ് ടൈബ്യൂണലുകളിൽ യഥാക്രമം 421- ഉം 67-ഉം പട്ടയങ്ങൾ അനുവദിച്ചു.

(ബി) പാലക്കാട്, ഒറ്റപ്പാലം ലാന്റ് ടൈബ്യൂണലുകളിൽ യഥാക്രമം 4967, 15943 കേസ്സുകൾ തീർപ്പാക്കാനുണ്ട്.

(സി) 19-5-2015-ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലാന്റ് ടൈബ്യൂണലുകളുടെ റിവ്യൂമീറ്റിംഗിൽ ലാന്റ് ടൈബ്യൂണലുകളിൽ തീർപ്പാക്കാതെകിടക്കുന്ന കേസ്സുകളിൽ 60 ശതമാനം കേസ്സുകൾ മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സ്പെഷ്യൽ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ലാന്റ് ടൈബ്യൂണലുകളിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കേസ്സുകൾ അടിയന്തരമായി തീർപ്പാക്കുവാനായി അതത് ജില്ലകളിലെ റവന്യൂ റിക്കവറി, പൊന്നംവില സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാന്റ് ടൈബ്യൂണലിന്റെ അധിക ചുമതല ആറ് മാസത്തേയ്ക്ക് നൽകി വിജ്ഞാപനം സമയബന്ധിതമായി പുറപ്പെടുവിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly